**Syro-Malabar Eparchy of St Thomas the Apostle, Melbourne, Australia**
**and**
**Apostolic Visitation to the Syro-Malabar Faithful in New Zealand**

Prot.No.MPL: 32/21/55

**ഇടയലേഖനം**

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്ത കുടുംബവർഷം (2021 മാർച്ച് 19 - 2022 ജൂൺ 26) ഏറ്റവും ഫലപ്രദമായി ആചരിക്കാൻ നമ്മുടെ എല്ലാ ഇടവകകളും സമൂഹങ്ങളും ഉചിതമായ പദ്ധതികൾ ആവിഷ്കരിക്കുമല്ലോ. മാർച്ച് 19 ന് വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിവസം കുടുംബവർഷം ആഘോഷപൂർവ്വം നമ്മുടെ ഇടവകകളിൽ ഉദ്ഘാടനം ചെയ്യുമല്ലോ. കുടുംബവർഷാചരണത്തിന് നേതൃത്വം നൽകാൻ ബഹുമാനപ്പെട്ട അച്ചന്മാരെയും കൈക്കാരൻമാരെയും പാരിഷ് കൗൺസിലുകളെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കുടുംബവർഷാചരണത്തിന് ഉതകുന്ന താഴെപ്പറയുന്ന നിർദ്ദേശങ്ങൾ എല്ലാവരും ഗൗരവമായി നടപ്പിലാക്കാൻ ശ്രമിക്കുമല്ലോ.

എന്താണ് കുടുംബവർഷാചരണത്തിന്റെ ലക്ഷ്യം?

**I.** ഫ്രാൻസിസ് പാപ്പയുടെ "സ്നേഹത്തിന്റെ സന്തോഷം" എന്ന ശ്ലൈഹികപ്രബോധനത്തിലെ സന്ദേശം കുടുംബങ്ങളിൽ പഠിക്കുകയും ജീവിക്കുകയും പ്രചരിപ്പിക്കുകയുമാണ് മുഖ്യലക്ഷ്യം. അതുവഴി "കുടുംബത്തിന്റെ സുവിശേഷാനുഭവം ഹൃദയങ്ങളെയും ജീവിതങ്ങളെയും നിറയ്ക്കുന്ന സന്തോഷമായി ജനങ്ങൾ അനുഭവിക്കാൻ സാധിക്കണം" (സ്നേഹത്തിന്റെ സന്തോഷം, 200). നസറത്തിലെ തിരുക്കുടുംബം ജീവിച്ച സ്നേഹവും വിശ്വസ്തതയും നിറഞ്ഞ ഉടമ്പടിയുടെ അടിസ്ഥാനത്തിലും മാതൃകയിലും ഓരോ കുടുംബത്തിനും കഷ്ടപ്പാടുകൾ ധീരമായി നേരിടാനും ദൈവകൃപയിൽ ആശ്രയിച്ച് ശക്തിപ്പെടാനും ഈ ലോകത്തിൽ മറ്റുള്ളവർക്ക് പ്രകാശമായി തീരാനും കഴിയും. കുടുംബത്തിന്റെ വിളി, ദൗത്യം, ഐക്യം, സൗന്ദര്യം, വിശുദ്ധി, അതിന്റെ അലംഘനീയ സ്വഭാവം എന്നിവ പഠിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കണം.

**II.** മനുഷ്യസ്നേഹത്തെ ദൈവികമേഖലയിലേക്കുയർത്തുന്ന വിവാഹമെന്ന കൂദാശയുടെ പരിപാവനമൂല്യം മനസ്സിലാക്കുകയും പ്രഘോഷിക്കുകയും ചെയ്യുക.

**III.** കുടുംബപ്രേഷിതത്വത്തിന്റെ മിഷനറി സ്വഭാവം തിരിച്ചറിഞ്ഞ് അതിന്റെ പ്രധാന പ്രചാരകരും പ്രവർത്തകരുമായി കുടുംബങ്ങളെ ശാക്തീകരിക്കുക. അതിനായി കുടുംബകൂട്ടായ്മകളെ (family units) ഏറ്റവും ശക്തമായ വേദിയാക്കുക.

ഈ ലക്ഷ്യങ്ങൾ സാധിക്കാൻ ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ:

1. സ്നേഹത്തിന്റെയും സ്വയം ദാനത്തിന്റെയും വിലയെപ്പറ്റി യുവജനങ്ങളെയും മാതാപിതാക്കളെയും പരിശീലിപ്പിക്കുക.

2. രൂപതയിലെ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹ ഒരുക്ക ക്ലാസുകൾ കൂടുതൽ ഫലദായകമായി സംഘടിപ്പിക്കുക. വിവാഹിതരായവർക്ക് വിവാഹജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ (50, 25, 10, 5 വർഷങ്ങളിൽ) ഒരുമിച്ചു വരാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

3. പ്രായമായവരെ പ്രത്യേകം പരിഗണിച്ച് കുടുംബജീവിതത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരുക.

4. കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസപരിശീലനത്തിൽ കൂടുതൽ ക്രിയാത്മകമായ ഊന്നൽ നൽകുക; മാതാപിതാക്കളെ അതിൽ പങ്കുചേർക്കുക.

5. ഇടവകയിലെ ആരാധനാക്രമ, അജപാലന, വിശ്വാസപരിശീലന, സാമൂഹ്യശുശ്രൂഷാ മേഖലകളിൽ കുടുംബങ്ങളെ കൂടുതൽ ഉൾച്ചേർത്തുകൊണ്ട് കുടുംബങ്ങളുടെ മിഷനറി-പ്രേഷിത ദൗത്യം കൂടുതൽ ശക്തമാക്കുക.

6. വിവാഹത്തിന്റെ ജൂബിലി, ആനിവേഴ്സറി അവസരങ്ങൾ ഇടവകതലത്തിൽ ആചരിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, അവരെ അംഗീകരിക്കുകയും, വിവാഹവാഗ്ദാനം പരസ്യമായി പുതുക്കുകയും ചെയ്യുക.

7. ഫാമിലി കൗൺസിലിംഗിനുള്ള അവസരങ്ങൾ രൂപതാതലത്തിലും ഇടവകതലത്തിലും സംഘടിപ്പിക്കുക.

8. കുടുംബനവീകരണ ധ്യാനം സംഘടിപ്പിക്കുക.

9. ഭവനസന്ദർശനവും കുടുംബപ്രതിഷ്ഠയും കൃത്യമായി നടത്തുക.

10. ഇടവകസമൂഹത്തിന്റെ മുഖ്യധാരയിൽ പെടാതിരിക്കുന്ന കുടുംബങ്ങളെ കണ്ടുപിടിച്ച് അവരെ ഹൃദ്യമായി സ്വീകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുക.

11. കോവിഡിന്റെ പേരിലും മറ്റും മുടങ്ങിപ്പോവുകയോ മാന്ദ്യം വരുകയോ ചെയ്ത കുടുംബകൂട്ടായ്മകളും ഇടവക പ്രവർത്തനങ്ങളും സുശക്തമാക്കുക.

12. കുടുംബപ്രാർത്ഥനയിൽ കുടുംബാംഗങ്ങളൊക്കെ കൂടുതൽ ഭക്തിയോടെ പങ്കെടുക്കുക. ബൈബിൾ വായന മുടങ്ങാതെ നടത്തുകയും ധ്യാനിക്കുകയും വചനസന്ദേശം ചർച്ചാവിഷയമാക്കുകയും ചെയ്യുക.

13. മക്കൾ ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയുകയും കൂടുതൽ മക്കളുള്ള കുടുംബങ്ങളെ ആദരിക്കുകയും ചെയ്യുക.

14. പ്രോലൈഫ് പ്രവർത്തനങ്ങളെ വളർത്തുക. ജീവന്റെ മൂല്യത്തെപ്പറ്റി കൂടുതൽ അവബോധം സൃഷ്ടിക്കുക. ഗർഭിണികൾക്കായി പ്രത്യേക കുർബാന കുടുംബവർഷത്തിൽ ആചരിക്കുക.

15. തിരുക്കുടുംബത്തിന്റെ രൂപം കുടുംബങ്ങളിൽ സ്ഥാപിക്കുക. ഞായറാഴ്ച്ച കുർബാനയ്ക്ക് തിരുക്കുടുംബ രൂപം പ്രമുഖസ്ഥാനത്ത് അലങ്കരിച്ച് സ്ഥാപിക്കുക.

16. 2021, 2022 വർഷങ്ങളിലെ തിരുഹൃദയ തിരുനാൾ ദിനത്തിൽ മുൻനിശ്ചയപ്രകാരം ഇടവകയിലെ എല്ലാ കുടുംബങ്ങളും തിരുഹൃദയ പ്രതിഷ്ഠ ആഘോഷമായി നടത്തുക.

17. കുടുംബവർഷത്തിൽ ഫ്രാൻസിസ് പാപ്പ രചിച്ച തിരുക്കുടുംബത്തോടുള്ള പ്രാർത്ഥന എല്ലാ കുടുംബങ്ങളിലും കുടുംബപ്രാർത്ഥനയോടുകൂടി ചൊല്ലുക (ഈ പ്രാർത്ഥന ഇംഗ്ലീഷിലും മലയാളത്തിലും ഇതോടൊപ്പം അയയ്ക്കുന്നത് എല്ലാവർക്കും ലഭ്യമാക്കുക).

18. ആദ്യവെള്ളി ആചരണം എല്ലാ ഇടവകകളിലും കൂടുതൽ ശക്തമാക്കുക. വെള്ളിയാഴ്ച ആചരണം സാധിക്കുന്നത്ര വിശുദ്ധ കുർബാനയർപ്പണത്തോടെ നടത്തുക.

19. ഇടവക-കുടുംബതലത്തിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുക. അതിന്റെ ഭാഗമായി യുവാക്കൾക്കും യുവതികൾക്കും വേർതിരിച്ച് ദൈവവിളിക്യാമ്പുകൾ സംഘടിപ്പിക്കുക.

20. നാം ജീവിക്കുന്ന ഇവിടുത്തെ സാംസ്കാരിക സാഹചര്യത്തിൽ കുടുംബങ്ങളും യുവജനങ്ങളും ഇന്നു നേരിടുന്ന ധാർമ്മിക വെല്ലുവിളികളെക്കുറിച്ച് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

21. കുടുംബവർഷത്തിൽ ഇടവക-കുടുംബകൂട്ടായ്മ-കുടുംബ തലങ്ങളിൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് തീർത്ഥാടനം സംഘടിപ്പിക്കുക.

22. കുട്ടികളെ വളർത്തുന്നതിനെപ്പറ്റി (parenting) മാതാപിതാക്കൾക്ക് ഇടവകതലത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുക.

23. ബൈബിളിലെയും സഭാചരിത്രത്തിലെയും വിശുദ്ധ ദമ്പതികളെ പരിചയപ്പെടുത്തുക.

24. കുടുംബാംഗങ്ങൾ അനുദിനം ഒരുമിച്ചിരുന്ന് കുറച്ചു സമയമെങ്കിലും സന്തോഷകരമായി ആശയവിനിമയം നടത്തുകയും മൂല്യബോധത്തെപ്പറ്റിയും മുൻഗണനകളെപ്പറ്റിയും ക്രിയാത്മകമായി ചർച്ച നടത്തുകയും ചെയ്യുക. വ്യക്തിബന്ധങ്ങൾ ആഴപ്പെടുത്താനും കുറവുകൾ മനസ്സിലാക്കാനും പരസ്പരം മാപ്പുചോദിക്കാനും പ്രാർത്ഥിക്കാനും ഇതവസരമാകും.

25. ഇതോടൊപ്പം അയയ്ക്കുന്ന കുടുംബവർഷ കലണ്ടർ എല്ലാവർക്കും ലഭ്യമാക്കുകയും അതിലെ പരിപാടികൾ ആസൂത്രണം ചെയ്ത് ക്രമപ്രകാരം നടപ്പിലാക്കുകയും ചെയ്യുക.

എല്ലാവർക്കും മാർ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും കുടുംബവർഷത്തിന്റെയും അനുഗ്രഹങ്ങളും ആശംസകളും നേരുന്നു.

സ്നേഹത്തോടെ

+ബോസ്കോ പുത്തൂർ

2021 മാർച്ച് 13

NB: ഈ ഇടയലേഖനം 2021 മാർച്ച് 14 ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.